മലപ്പുറം ജില്ലയിലെ എച്ച്.എസ്.എ. (മലയാളം) തസ്തികയിലെ ഒഴിവുകൾ

142 (1453) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ എച്ച്.എസ്.എ. (മലയാളം) തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ കാലാവധി എന്ന് കഴിയും എന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേരെ നിയമിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ഡി) എത്ര ഒഴിവിലേയ്ക്കാണ് ഈ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചത് ;

(ഇ) ഈ റാങ്ക് ലിസ്റ്റിൽ നിന്നും കൂടുതൽ പേരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) മലപ്പുറം ജില്ലയിൽ എച്ച്.എസ്.എ. മലയാളം തസ്തികയിലേക്ക് ഗവൺമെന്റ് സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും ഒരേ അനുപാതത്തിലാണോ ഇപ്പോൾ അദ്ധ്യാപക നിയമനം നടത്തിയിട്ടുള്ളത് ;

(ജി) അല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 20-7-2003-ൽ.

(സി) 41 പേരെ നിയമിച്ചിട്ടുണ്ട്.

(ഡി) 55 ഒഴിവുകളിലേക്ക്

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്) അതെ.

(ജി) ചോദ്യം ഉദിക്കുന്നില്ല.

തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള എൽ.പി./യു.പി. അസിസ്റ്റന്റ് ഒഴിവുകൾ

143 (1454) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ എൽ.പി./യു.പി. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ് ;

LIBRARY ARCHIVES Kerala Legislative Assembly